**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3646** **27-06-2024 - ൽ മറുപടിയ്ക്ക്**

**മടിക്കൈ, പരപ്പ എന്നിവിടങ്ങളിൽ പോളിടെക്നിക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മടിക്കൈ, പരപ്പ എന്നിവിടങ്ങളിൽ പോളിടെക്നിക്കുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (എ) | കാസർഗോഡ് ജില്ലയിലെ **മടിക്കൈ ഗ്രാമപഞ്ചായത്തിൽ പോളിടെക്നിക്ക് ആരംഭിയ്ക്കുന്നത് സംബന്ധിച്ച ആവശ്യത്തിൻമേലുള്ള റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഇപ്പോൾ മടിക്കൈ പോളിടെക്നിക്ക് ആരംഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലില്ല.** കാസർഗോഡ് ജില്ലയിലെ പരപ്പയിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. കാസർഗോഡ് ജില്ലയിലെ കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന പരപ്പ വില്ലേജിലെ പുളിയം കുളത്ത് പുതിയ പോളിടെക്നിക്ക് കോളേജ് സ്ഥാപിക്കാനനുയോജ്യമായി 69/01 സർവ്വേ നമ്പറിൽ 3 ¼ ഏക്കർ സർക്കാർ അധീനതയിൽ പൊതു ഉപയോഗത്തിന് ആവശ്യമായ ഭൂമിയും കൂടാതെ ഒരു ഏക്കർ മിച്ച ഭൂമിയും ലഭ്യമാക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. **ഭൂമി ലഭ്യതയ്ക്കനുസരിച്ച് പ്രൊപ്പോസൽ പരിശോധിച്ച് തുടർ നടപടികൾ പരിഗണിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ